ICPS-3/8416/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി: 27.02.2017

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകളിൽ കരാർ വ്യവസ്ഥയിൽ 2017 – 2018 സാമ്പത്തിക വർഷം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 18.04.2015 ലെ ICPS-3/008462/15 നമ്പർ ഉത്തരവ്

മേൽസൂചനയിലെ ഉത്തരവ് പ്രകാരം സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളുടെ കാര്യാലയങ്ങളിലും കരാർ അടിസ്ഥാനത്തിൽ പ്രതിമാസം 2000 കിലോമീറ്ററിന് പരമാവധി 25000/ രൂപ നിരക്കിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ച്ചിരുന്നു.

2016 – 2017 സാമ്പത്തിക വർഷത്തിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിയ്ക്കുന്നതിൽ കാലതാമസം നേരിടുകയും ഇതു മൂലം പല ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളിലും വാഹനങ്ങൾ ലഭ്യമാകാത്ത അവസ്ഥ ഉണ്ടാകുകയും ചെയ്തു. ആയതിനാൽ 2017 – 2018 സാമ്പത്തിക വർഷം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ 2016 – 2017 സാമ്പത്തിക വർഷം അവസാനിയ്ക്കുന്നതിനു മുൻപു തന്നെ ആരംഭിയ്ക്കേണ്ടതാണ്.

മേൽപ്പറഞ്ഞപ്രകാരം 2017 – 2018 സാമ്പത്തിക വർഷം വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് ലഭ്യമായ ടെണ്ടറുകൾ (കുറഞ്ഞത് മൂന്നെണ്ണമെങ്കിലും ലഭ്യമായിരിക്കണം) വ്യക്തമായ ശുപാർശയടങ്ങുന്ന സ്റ്റേറ്റ്മെന്റ്, പൂർണ്ണമായ ടെണ്ടർ ഡോക്യുമെന്റ്സ് എന്നിവ സഹിതം 2017 മാർച്ച് 25 ന് മുൻപായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ഡി.സി.പി.ഒ. മാർക്കും.

പകർപ്പ് :

1. ഐ.സി.പി.എസ്4
2. സ്റ്റോക്ക് ഫയൽ.